പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4608. — 04/02/2014 -ൽ മറുപടിക്ക്

**ആധാരം എഴുത്തുകാരുടെ തൊഴിൽ സുരക്ഷ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ നടത്തിയിരിക്കുന്ന ആധാരം എഴുത്തുകാർ എത്ര പേരുണ്ട് ; | എ) 5,297 പേർ. |
| ബി) ആധാരം എഴുത്ത് കമ്പ്യൂട്ടർ വത്കരിക്കുമ്പോൾ ആധാരം എഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ : | ബി) രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഇടപാടുകൾ പൂർണ്ണമായി ഓൺലൈൻ പദ്ധതിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. രജിസ്ട്രേഷൻ വകുപ്പിൽ ആധാരം എഴുത്തുകാരുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ടുള്ള പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കിവരുന്നത്. രജിസ്ട്രേഷൻ സംബന്ധമായ സേവന പ്രദാനങ്ങളിൽ ആധാരമെഴുത്തുകാർക്കുകൂടി പങ്കാളിത്തം ലഭിക്കുന്ന രീതിയിലുള്ള പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പൊതുജനങ്ങൾക്ക് കാലതാമസം കൂടാതെ സേവനങ്ങൾ നൽകുക എന്നതാണ് കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ലക്ഷ്യം. |
| സി) ആധാരം എഴുത്തുകാരുടെ ആശങ്കകൾ അകറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ ? | സി) ആധാരമെഴുത്തുകാരുടെ ആശങ്കകൾ അകറ്റുന്നതിന്, അവരുടെ സംഘടനാ നേതാക്കളുമായി ചർച്ചകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ